**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **24-02-2026 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട്, സൈലന്റ് വാലി ഡിവിഷനുകൾക്ക് കീഴിലെ ഇക്കോ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട്, സൈലന്റ് വാലി ഡിവിഷനുകൾക്ക് കീഴിൽ ഇക്കോ ടൂറിസം വികസനത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ തൊടുകാപ്പ് , ശിരുവാണി എന്നീ ഇക്കോ ടൂറിസം സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്. തൊടുകാപ്പ് ഇക്കോ ടൂറിസം സെന്റർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചിൽഡ്രൻസ് പാർക്ക് നവീകരണം, ഗാർഡനിംഗ്, ഫെൻസിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, സി.സി.ടി.വി സ്ഥാപിക്കൽ, തൊടുകാപ്പ് ഇക്കോ ടൂറിസം ഇൻഫർമേഷൻ സെന്റർ നവീകരണം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശിരുവാണി ഇക്കോ ടൂറിസം സെന്റർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇഞ്ചിക്കുന്നിൽ ഇക്കോ ടൂറിസം കൗണ്ടർ, കേരളമേട് ഭാഗങ്ങളിൽ സന്ദർശകർക്കായി ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ സ്ഥാപിച്ചു.<br><br>സൈലന്റ് വാലി ഡിവിഷനു കീഴിലെ ഇക്കോടൂറിസം വികസനവുമായി ബന്ധപ്പെട്ട് സൈരന്ധ്രി സഫാരി സുഗമമാക്കുന്നതിന് സൈരന്ധ്രിയിലേക്കുള്ള റോഡ് വീൽ ബേസ് കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വന വികസന ഏജൻസിയുടെയും ഇ.ഡി.സി യുടെയും തനത് ഫണ്ട് ചേർത്ത് സന്ദർശകർക്കായി മിനി ബസ് സവാരി ഒരുക്കിയിട്ടുണ്ട്. ഇൻഫർമേഷൻ സെന്റർ നവീകരണ പ്രവർത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ പ്രകാരമുള്ള ട്രക്കിംഗ്, വാക്ക് വിത്ത് മാസ്റ്റർ ക്യാമ്പ്, പ്രകൃതി പഠന ക്യാമ്പ് എന്നിവയും നടത്തിവരുന്നു. |
| (ബി) | പരിസ്ഥിതി സൗഹൃദ ടൂറിസം ഉറപ്പുവരുത്തി കൂടുതൽ വിനോദസഞ്ചാരികളെ പ്രസ്തുത ഡിവിഷനുകൾക്ക് കീഴിലുള്ള കൂടുതൽ പ്രദേശങ്ങളിലേക്ക് ആകർഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | മണ്ണാർക്കാട് ഡിവിഷൻ പരിധിയിൽ പരിസ്ഥിതി സൗഹൃദ ടൂറിസം ഉറപ്പുവരുത്തുന്നതിനായി ശിരുവാണി ഇക്കോ ടൂറിസം കേന്ദ്രീകരിച്ച് പ്രകൃതി പഠന ക്യാമ്പുകൾ ആരംഭിക്കുന്നതിനും സൈലന്റ് വാലി ഡിവിഷൻ പരിധിയിൽ ദേശീയോദ്യാനത്തിന്റെ മാനേജ്മെന്റ് പ്ലാനിന് വിധേയമായി പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | സൗഹൃദ ടൂറിസം ഉറപ്പ് വരുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ